07109

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- ഭിന്നശേഷിക്കാർക്ക് തുല്യത പരീക്ഷ എഴുതുന്നതിനുള്ള സാമ്പത്തികസഹായം ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് 6,72,000/- രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(ആർ.റ്റി)നം. 304/2018/സാ.നീ.വ തിരുവനന്തപുരം, തീയതി 24.05.2018

പരാമർശം- 1. സാമൂഹ്യനീതി ഡയറക്ടറിൽ നിന്നും ലഭിച്ച 12.4.2018 ലെ D6-5065/18 നമ്പർ കത്ത്
2. 20.04.2018 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്

ഉത്തരവ്

ഭിന്നശേഷിക്കാർക്ക് തുല്യത പരീക്ഷ എഴുതുന്നതിനുള്ള സാമ്പത്തികസഹായം ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് 6,72,000/- രൂപ ( ആറ് ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപ മാത്രം) ചുവടെ കാണും പ്രകാരമുള്ള ചെലവ് ഉണ്ടാകുന്നു എന്നതിനാൽ 2018-19 സാമ്പത്തിക വർഷം 2235-60-200-83 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

| | | |
|---|---|---|
| പത്താംതരം തുല്യതാ കോഴ്സ് (ഓരോ ജില്ലയിലെയും 10 പേർക്ക് വീതം) | 10x2350x14 | 3,29,000/- |
| ഹയർ സെക്കന്ററി തുല്യതാ കോഴ്സ് ഒന്നാം വർഷം(ഓരോ ജില്ലയിലെയും 5 പേർക്ക് വീതം) | 5x2950x14 | 2,06,500/- |
| ഹയർ സെക്കന്ററി തുല്യതാ കോഴ്സ് രണ്ടാം വർഷം(ഓരോ ജില്ലയിലെയും 5 പേർക്ക് വീതം) | 5x1950x14 | 1,36,500/- |
| **ആകെ തുക** | | **6,72,000/-** |

2. പരാമർശം 2 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭിന്നശേഷിക്കാർക്ക് തുല്യത പരീക്ഷ എഴുതുന്നതിനുള്ള സാമ്പത്തികസഹായം ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് 6,72,000/- രൂപ ( ആറ് ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപ മാത്രം) 2018-19 സാമ്പത്തിക വർഷം 2235-60-200-83 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ( എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ് ( ഇനം 8D പ്രകാരം)
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

25-05-18

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ